LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി.@ സ്കൂൾ പ്രോജക്ട്

14 (5146) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.@ സ്കൂൾ പ്രോജക്ടിന്റെ ഭാഗമായി വിവര വിനിമയ സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) എല്ലാ വിഷയങ്ങളും ഐ.സി.ടി. സഹായത്തോടെ പഠിപ്പിക്കുന്ന രീതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഐ.സി.ടി.അധിഷ്ഠിത പഠനം ഫലപ്രദമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ ;

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഐ.ടി.@ സ്കൂൾ പദ്ധതിയുടെ ഭാഗമായി ഏതൊക്കെ സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ഇ) മണ്ഡലത്തിലെ കൂടുതൽ സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 4071 ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരുക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അപ്പർ പ്രൈമറി സ്കൂൾതലം മുതൽ ഹയർസെക്കണ്ടറി സ്കൂൾതലം വരെ ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പ്രോജക്ട് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഹൈസ്കൂൾ/ഹയർസെക്കണ്ടറി /വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യവും പഠനവിഭവങ്ങളും സ്കൂളുകളുടെ ആവശ്യതയ്ക്കനുസരിച്ച് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ ഐ.സി.ടി. അധിഷ്ഠിത പഠനം ഫലപ്രദമാക്കാൻ ആവശ്യമായ പരിശീനവും ഉള്ളടക്കവും അധ്യാപകർക്ക് ഐ.ടി.@ സ്കൂൾ പ്രോജക്ട് നൽകിവരുന്നു.

(ഡി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഐ.ടി @ സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാക്കിയ ഐ.സി.ടി. ഉപകരണങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഇ) ഐ.സി.ടി. പദ്ധതിയുടെ ഭാഗമായി നിലവിൽ ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നൽകുന്നത്. പ്രൈമറി വിഭാഗം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്കൂളുകളിലേക്ക് ഐ.സി.ടി. ഉപകരണങ്ങൾ വിതരണം ചെയ്യാൻ ഉദ്ദേശമുണ്ട്. ഈ അവസരത്തിൽ കുന്ദമംഗലം മണ്ഡലത്തിലെ പ്രൈമറി സ്ക്കൂളുകൾക്കും പ്രസ്തുത ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന ഹൈക്കോടതി നിർദ്ദേശം

15 (5147) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ സർക്കാർ എയിഡഡ് സ്കൂളുകളിലും കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, എന്നീ അടിസ്ഥാനസൗകര്യങ്ങൾ രണ്ടു മാസത്തിനകം ഏർപ്പെടുത്തണമെന്ന ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോടതി വിധി നടപ്പാക്കാൻ എത്ര തുക വേണ്ടി വരുമെന്നാണ് കണക്കുകൂട്ടുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, എസ്.എസ്.എ., സ്കൂൾ മാനേജ്മെന്റ് എന്നിവയുടെ ഫണ്ട് എം.എൽ.എ. ഫണ്ട്, എം.പി.ഫണ്ട് എന്നിങ്ങനെ വിവിധ സ്രോതസ്സുകളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടില്ല.

സ്വന്തമായി കെട്ടിടം ഇല്ലാത്ത സർക്കാർ സ്കൂളുകൾ

16 (5148) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ എൽ.പി., യു.പി.,ഹൈസ്ക്കൂൾ തലത്തിൽ പ്രവർത്തിക്കുന്നു ; വാടകയിനത്തിൽ ഈ സ്കൂളുകൾക്ക് പ്രതിവർഷം എത്ര തുകയാണ് ചെലവ് വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly